**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1930** **15-03-2022 - ൽ മറുപടിയ്ക്ക്**

**മൃഗാശുപത്രികളിൽ കരാറടിസ്ഥാനത്തിൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വളർത്തുമൃഗങ്ങളുടെയും ഓമന മൃഗങ്ങളുടെയും എണ്ണം വർധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ധാരാളം ആളുകൾ ഓമന മൃഗങ്ങളുടെയും വളർത്തുമൃഗങ്ങളുടെയും പരിപാലന മേഖലയിലേക്ക് പ്രത്യേകിച്ചും കോവിഡ് കാലത്ത് കടന്നു വന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കോവിഡ് കാലഘട്ടത്തിൽ വളർത്തുമൃഗമായ നായകളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് മുൻ വർഷത്തെ അപേക്ഷിച്ച് 46.26 % വർദ്ധനവും പൂച്ചകളുടെ ആരോഗ്യ പരിപാലനത്തിൽ 105.96 % വർദ്ധനവുമുണ്ടായതായി കാണുന്നു. |
| (സി) | വിവിധ പദ്ധതി പ്രവർത്തനങ്ങളും ചികിത്സയും ഒരുമിച്ച് കൊണ്ടുപോകുന്ന മൃഗാശുപത്രികളിലെ അനിയന്ത്രിതമായ തിരക്ക് മൂലം ജനങ്ങൾക്കും കർഷകർക്കും സേവനം കൃത്യമായി ലഭിക്കുന്നില്ലെന്നുള്ള പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | സംസ്ഥാനത്തുടനീളമുള്ള ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി ഹോസ്പിറ്റലുകൾ, വെറ്ററിനറി പോളി ക്ലിനിക്കുകൾ, വെറ്ററിനറി ഡിസ്പെൻസറികൾ എന്നിവയിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന മൃഗ ചികിത്സ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 50 യുവ വെറ്ററിനറി ഡോക്ടർമാരെ "Augumentation of Professional Services" (APS) എന്ന സ്കീമിൽ ഉൾപ്പെടുത്തി പകൽ സമയത്തെ സേവനത്തിനായി സംസ്ഥാനത്തെ കേസ് കൂടുതലുള്ള തെരഞ്ഞെടുക്കപ്പെട്ട 50 ആശുപത്രികളിലായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷൻ, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി ഉൾപ്പെടെയുള്ള 156 സെന്ററുകളിൽ "വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. രാത്രി 6 മണി മുതൽ രാവിലെ 6 മണി വരെ രാത്രികാലത്ത് അടിയന്തിര വെറ്ററിനറി സേവനം നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ടി പദ്ധതിയിലുൾപ്പെടുത്തി 156 സെന്ററുകളിൽ രാത്രിസമയത്ത് ആവശ്യമായ മൃഗചികിത്സ ലഭ്യമാക്കുന്നതിനായി വെറ്ററിനറി |

| | | | |
|---|---|---|---|
| | | | സർജൻമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള രണ്ടായിരത്തിൽ കൂടുതൽ മൃഗങ്ങളുള്ള പ്രദേശങ്ങളിൽ ആരോഗ്യ മേഖലയിലെ പോലെ കരാറടിസ്ഥാനത്തിൽ മൃഗാശുപത്രികളിലും കൂടുതൽ ഡോക്ടർമാരയും സ്റ്റാഫുകളെയും നിയമിക്കുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം Augmenting professional services in veterinary clinical institutions എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം പുതിയതായി പഠിച്ചിറങ്ങിയ 50 ഓളം വെറ്ററിനറി ബിരുദ ധാരികളെ ജൂനിയർ റസിഡന്റുമാരായി നിയോഗിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ